"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-കോഴിക്കോട് ജില്ല-30.07.2024-ൽ വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച ദുരിതബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്**

സ.ഉ.(സാധാ) നം.809/2025/RD തീയതി,തിരുവനന്തപുരം, 02-04-2025

പരാമർശം:-

1. സ.ഉ.(സാധാ)നം.2468/2024/റവ തീയതി 14.10.2024
2. സ.ഉ.(സാധാ)നം.2896/2024/റവ തീയതി 04.12.2024
3. സ.ഉ.(സാധാ)നം.189/2025/റവ തീയതി 22.01.2025
4. സ.ഉ.(സാധാ)നം.480/2025/റവ തീയതി 23.02.2025
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 26.03.2025-ലെ DCKKD/10624/2024-D1 നമ്പർ കത്ത്.
6. സ.ഉ.(സാധാ) നം.776/2025/റവ തീയതി 29.03.2025

**ഉത്തരവ്**

പരാമർശ ഉത്തരവുകൾ പ്രകാരം വിലങ്ങാട് ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് വാടകയിനത്തിൽ ഒരു മാസത്തേയ്ക്ക് 6000/- രൂപ വീതം ജനുവരി മാസം വരെ വാടകയിനത്തിൽ അനുവദിക്കേണ്ടതായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (4)-ലെ കത്ത് പ്രകാരം 48 കുടുംബങ്ങൾക്ക് ഫെബ്രുവരി മാസത്തെ വാടകയിനത്തിൽ ആവശ്യമായ 2,88,000/- രൂപ അനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കോഴിക്കോട് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിലങ്ങാട് ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച 48 കുടുംബങ്ങൾക്ക് 2025 ഫെബ്രുവരി മാസത്തെ വാടകയിനത്തിൽ ആവശ്യമായ 2,88,000/- (രണ്ടു ലക്ഷത്തി എൺപത്തിഎണ്ണായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. അതോടൊപ്പം ഇതേ വിഷയത്തിൽ പുറപ്പെടുവിച്ച പരാമർശം (6) ഉത്തരവ് ഇതിനാൽ റദ്ദാക്കുന്നു.

വാടകയിനത്തിൽ ആവശ്യമായ 2,88,000/- രൂപ (രണ്ടു ലക്ഷത്തി എൺപത്തിഎണ്ണായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കാവുന്നതും കോഴിക്കോട് ജില്ലാ കളക്ടർ തുടർനടപടി സ്വീകരിച്ച് താമസംവിനാ സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ പി എൻ
ഡെപ്യൂട്ടി സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി).
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഡി.ആർ.എഫ്. (ബി/സി) വകുപ്പുകൾ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
V D Omana
Date: 02-04-2025 17:41:03
സെക്ഷൻ ഓഫീസർ